# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 332. 09.06.2014 ൽ മറുപടിയ്ക്ക്.

## ട്രാഫിക് നിയമലംഘകരിൽനിന്നും പിഴ ഈടാക്കൽ

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ട്രാഫിക് നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ മോട്ടോർവാഹന വകുപ്പ് എത്ര കേസുകൾ 01/01/2011 മുതൽ 30/04/2014 വരെ രജിസ്റ്റർ ചെയ്തു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ ; | (എ) | 6,09,223 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>ജില്ല — കേസുകളുടെ എണ്ണം<br>തിരുവനന്തപുരം — 12574<br>കൊല്ലം — 49265<br>പത്തനംതിട്ട — 3195<br>ആലപ്പുഴ — 52230<br>കോട്ടയം — 62322<br>ഇടുക്കി — 18647<br>എറണാകുളം — 125495<br>തൃശ്ശൂർ — 75512<br>പാലക്കാട് — 61975<br>മലപ്പുറം — 54460<br>കോഴിക്കോട് — 28906<br>കണ്ണൂർ — 30985<br>വയനാട് — 9810<br>കാസർഗോഡ് — 23847 |
| (ബി) | മോട്ടോർ വാഹന വകുപ്പ്, ട്രാഫിക് നിയമലംഘകരിൽനിന്നും ഈ കാലയളവിൽ എത്ര രൂപ പിഴയായി ഈടാക്കി ; ജില്ലാടിസ്ഥാനത്തിലും വാർഷികാടിസ്ഥാനത്തിലുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ജില്ലാടിസ്ഥാനത്തിലും വാർഷികാടിസ്ഥാനത്തിലുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേരളത്തിലെ റോഡുകളിൽ സാധാരണയായി ലൈറ്റ്, ഹെവി, | (സി) | സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, സൺഫിലിം ഉപയോഗിക്കുക, അമിത വേഗതയിൽ വാഹനം |

| | | | |
|---|---|---|---|
| | ടൂവീലർ എന്നീ മോട്ടോർവാഹന യാത്രക്കാർ വരുത്തുന്ന നിയമ ലംഘനങ്ങൾ ഏതെല്ലാം; ഓരോ തരത്തിലുമുള്ള നിയമലംഘനത്തിനും എത്ര രൂപ പിഴയായി നിശ്ചയിച്ചിട്ടുണ്ട് ; നിശ്ചയിച്ചതിൽ നിന്നും കൂടുതൽ തുക പിഴയായി ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ? | | ഓടിക്കുക, നിയമ വിരുദ്ധമായ ലൈറ്റുകൾ ഉപയോഗിക്കുക, നിയമവിരുദ്ധമായ ഹോണുകൾ ഉപയോഗിക്കുക എന്നിവയാണ് ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ സാധാരണയായി കണ്ടുവരുന്ന നിയമലംഘനങ്ങൾ. ഇതിൽ സീറ്റ് ബെൽറ്റ് ധരിക്കാതെ വാഹനം ഓടിക്കുന്നതിനും, സൺഫിലിം ഉപയോഗിക്കുന്നതിനും നിയമ വിരുദ്ധമായ ലൈറ്റുകൾ ഉപയോഗിക്കുന്നതിനും, നിയമവിരുദ്ധമായി ഹോണുകൾ ഉപയോഗിക്കുന്നതിനും 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 177-ാം വകുപ്പ് പ്രകാരം ഒന്നാമത്തെ കുറ്റത്തിന് പരമാവധി 100 രൂപ വരെയും, തുടർന്നുള്ള കുറ്റങ്ങൾക്ക് 300 രൂപ വരെയും പിഴ ഈടാക്കാവുന്നതാണ്.<br><br>വേഗതാപരിധി നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ അനുവദിച്ചതിലും കൂടുതൽ വേഗതയിൽ പോകുന്ന വാഹനങ്ങളുടെ ഉടമസ്ഥർക്കെതിരെ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പുകൾ 183, 184 എന്നിവ പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കും. ടി നിയമത്തിലെ വകുപ്പ് 183(1) പ്രകാരം വേഗതാപരിധി ലംഘിച്ചുകൊണ്ട് വാഹനം ഓടിക്കുന്ന വ്യക്തികളിൽ നിന്നും ഒന്നാം പ്രാവശ്യം ചെയ്യുന്ന കുറ്റത്തിന് 400 രൂപ വരെയും രണ്ടാം പ്രാവശ്യം ചെയ്യുന്ന കുറ്റത്തിന് 1000 രൂപ വരെയും പിഴ ഈടാക്കാവുന്നതാണ്.<br><br>മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 189 പ്രകാരം അമിതമായ വേഗതയിൽ അപകടകരമായ രീതിയിൽ വാഹനം ഓടിക്കുന്നതിന് ഒന്നാമത്തെ കുറ്റത്തിന് 6 മാസം വരെ തടവോ, അല്ലെങ്കിൽ 1000 രൂപ വരെ പിഴയോ ഈടാക്കാവുന്നതാണ്. 3 വർഷത്തിനിടയിൽ ഇതേ കുറ്റം രണ്ടാമതും ആവർത്തിക്കുകയാണെങ്കിൽ 2 വർഷം വരെ തടവോ, അല്ലെങ്കിൽ 2000 രൂപ പിഴയിനത്തിലോ ഈടാക്കാവുന്നതാണ്.<br><br>ടൂ വീലർ വാഹനങ്ങളിൽ സാധാരണയായി കണ്ടുവരുന്ന നിയമ ലംഘനങ്ങൾ അമിത വേഗതയിലും അപകടകരമായ രീതിയിലും വാഹനം ഓടിക്കുക, ഹെൽമെറ്റ് ധരിക്കാതെ വാഹനം ഓടിക്കുക, അനധികൃതമായ ലൈറ്റുകളും ഹോണുകളും ഉപയോഗിക്കുക എന്നിവയാണ്. |

| | | | |
|---|---|---|---|
| | | | ഹെവി വാഹനങ്ങളിൽ സാധാരണയായി കണ്ടുവരുന്ന നിയമലംഘനങ്ങൾ അമിത വേഗതയിലും അപകടകരമായ രീതിയിലും വാഹനം ഓടിക്കുക, സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കാതെ വാഹനം ഉപയോഗിക്കുക, ഓവർ ലോഡിംഗ്, അനധികൃതമായ ലൈറ്റുകളും, ഹോണും ഉപയോഗിക്കുക എന്നിവയാണ്.<br>സ്പീഡ് ഗവർണ്ണർ ഉപയോഗിക്കാത്ത കുററത്തിന് , 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 177 -ാം വകുപ്പ് പ്രകാരം ആദ്യത്തെ തവണ പരമാവധി 100 രൂപ വരെയും, തുടർന്നുള്ള തവണകളിൽ, 300 രൂപ വരെയും പിഴ ഈടാക്കാവുന്നതാണ്. വാഹനത്തിന്റെ ഫിറ്റ്നസ്സ് റദ്ദാക്കുകയും ചെയ്യാം.<br>ഓവർലോഡിംഗിന് ടി നിയമത്തിലെ 194-ാം വകുപ്പ് പ്രകാരം മിനിമം രണ്ടായിരം രൂപയും, ഇതിനൊപ്പം അധികമുള്ള ഓരോ ടണ്ണിനും 1000 രൂപ വീതവും പിഴ ഈടാക്കാവുന്ന താണ്.<br><br>മോട്ടോർ വാഹന നിയമത്തിൽ നിശ്ചയിച്ചിട്ടുള്ളതിൽ കൂടുതൽ തുക പിഴയായി ഈടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| ജില്ല | പിഴ (രൂപയിൽ) | | | | ആകെ |
|---|---|---|---|---|---|
| | 2011 | 2012 | 2013 | 2014 | |
| തിരുവനന്തപുരം | 4147110 | 10347570 | 16361660 | 6515030 | 37371370 |
| കൊല്ലം | 16260391 | 24221991 | 33472799 | 19482997 | 93438178 |
| പത്തനംതിട്ട | 10382450 | 64115455 | 31178547 | 16412567 | 122089019 |
| ആലപ്പുഴ | 14924728 | 14749208 | 18274704 | 7241910 | 55190550 |
| കോട്ടയം | 23660010 | 33761985 | 40060980 | 16857570 | 114340545 |
| ഇടുക്കി | 3113960 | 4283110 | 9749617 | 5764830 | 22911517 |
| എറണാകുളം | 29993698 | 33510340 | 39869023 | 16946481 | 120319542 |
| തൃശ്ശൂർ | 9439575 | 13302140 | 35441860 | 20741535 | 78925110 |
| പാലക്കാട് | 14610856 | 22481205 | 30001890 | 17757545 | 84851496 |
| മലപ്പുറം | 16179953 | 19093210 | 25056154 | 13124559 | 73453876 |
| കോഴിക്കോട് | 16409633 | 20700736 | 28827649 | 13465518 | 79403536 |
| കണ്ണൂർ | 12453300 | 15889500 | 17408230 | 13331410 | 59082440 |
| വയനാട് | 3469450 | 6114530 | 4116250 | 2504910 | 16205140 |
| കാസർഗോഡ് | 7651985 | 6460230 | 10253040 | 4830990 | 29196245 |
| **ആകെ** | **182697099** | **289031210** | **340072403** | **174977852** | **986778564** |

സെക്ഷൻ ഓഫീസർ.